നം. PC3-6011/2018

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ് ഭവൻ, തിരുവനന്തപുരം
തീയതി : 25.05.2018.
Email - swdkerala@gmail.com
Phone - 0471 - 2306040

## സർക്കുലർ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - വിവിധ അവശ ജനവിഭാഗങ്ങളുടെ പുനരധിവാസം - അംഗീകൃത ഏജൻസികളിൽ നിന്നും ധനസഹായത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

സൂചന :-

മുതിർന്ന പൗരൻമാരുടെയും ഭിന്നശേഷിക്കാരുടെയും തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവരുടെയും മാനസിക രോഗികളുടെയും മറ്റ് പാർശ്വവൽക്കരിക്കപ്പെട്ട ജന വിഭാഗങ്ങളുടെയും ക്ഷേമം, പുനരധിവാസം, സംരക്ഷണം, തൊഴിലധിഷ്ഠിത പുനരധിവാസം എന്നിവ ലക്ഷ്യമിട്ട് NGO പങ്കാളിത്തത്തോടെ, സർക്കാരിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഇതോടൊപ്പമുള്ള മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു. അപേക്ഷകളിൽ ചുവടെ ചേർത്തിട്ടുള്ള വിവരങ്ങൾ രേഖാമൂലം ഉൾപ്പെടുത്തേണ്ടതാണ്.

1. മാനസിക വെല്ലുവിളി 0നേരിടുന്ന 18 വയസിന് മുകളിൽ പ്രായമുള്ളവരെ പുനരധിവസിപ്പിക്കുന്ന സർക്കാരിതര സ്ഥാപനം/ഏജൻസി എന്ന് തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്.
2. സ്ഥാപനങ്ങളുടെ നടത്തിപ്പിന് അപേക്ഷിക്കുന്നവർ OCB, PWD രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും പദ്ധതികൾ നടപ്പിലാക്കുന്നതിന് അപേക്ഷിക്കുന്നവർ NGO രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്.
3. സ്ഥാപനത്തിലെ അന്തേവാസികളുടെ ആൺ പെൺ വേർതിരിച്ചുള്ള പട്ടിക
4. 2018-19 സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാനുദ്ദേശിക്കുന്ന ബഡ്ജറ്റ്
5. 2016-17 സാമ്പത്തിക വർഷം മുതലുള്ള ഓഡിറ്റ് സ്റ്റേറ്റ്മെന്റ്.
6. ആകെ ബഡ്ജറ്റിന്റെ 10-30% തുക NGO വിഹിതമായി ഉൾപ്പെടുത്തിയിരിക്കണം. (Depending on the project).

അപേക്ഷകൾ അതാത് ജില്ലാ സാമൂഹ്യനീതി ഓഫീസർ മുൻപാകെ 15.06.2018 വരെ സമർപ്പിക്കാവുന്നതാണ്. ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ ടി സ്ഥാപനം സന്ദർശിച്ച് അന്വേഷണ റിപ്പോർട്ട് സഹിതം ടി അപേക്ഷകൾ 30.06.2018-ന് മുൻപായി സാമൂഹ്യനീതി ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി
JALAJA
Assistant Director
Directorate of Social Justice
Vikas Bhavan
Thiruvananthapuram-33

AN

# SOCIAL JUSTICE DEPARTMENT

## FORMAT FOR SUBMISSION OF NON-GOVERNMENT ORGANISATIONS

**(for implementation of projects of Social Justice Department)**

| | | | |
|---|---|---|---|
| A.1 | Name of the organization | | |
| A.2 | Number, Year and type of registration of proposing organization (whether society, trust, Sec.25 company or other) | | |
| A.3 | Name of the Chief Functionary of the organization (with title) | | |
| A.4 | Address of the Registered Office of the Organization (with PIN code) | | |
| A.5 | Address of the Administrative Office of the Organization (with PIN code) | | |
| A.6 | Contact details of the organization (including phone/fax number with STD Code and email ID) | | |
| A.7 | Total number of Years of operation | | |
| A.8 | Organization's vision & mission (please describe within 50 words) | | |
| A.9 | Organizational Strength (Staff Strength, position & distribution – Full tome & Part time, other facilities) Attach list, brief resumes and work description. | Full time staff | |
| | | Part time | |
| | | Details of infrastructures facilities | |
| | | Office building | |
| | | Training centres | |
| | | Vehicles | |
| | | Others | |

AN

| | | | |
|---|---|---|---|
| A.10 | FCRA No. with year of FCRA registration, if available | | |
| A.11 | Income Tax Regn. No. under Section 12AA | | |
| A.12 | PAN (Permanent Account No.) of the organization | | |
| A.13 | Is the organization currently receiving funds from | Government Programmes | Yes<br>No |
| | | Other Donor agencies | Yes<br>No |
| A.14 | Details of receipts/ Grant in aids and payments for last 3 years (as per audit reports) | Central | |
| | | State | |
| | | Other Government Agencies. | |
| | **Year** | **Receipts (in Rs.)** | **Payments (in Rs.)** |
| | | | |
| | | | |
| | | | |
| A.15 | Details of proposed project | Annexure A to be filled. | |
| A16 | Recognitions received | | |

| | |
|---|---|
| D1 | Provide a self-declaration, signed by the chief functionary of the organization affirming that the organization not faced any disciplinary/default actions from any organization (L)<br>Also give details of other accreditations the organization has with other government departments or other organizations.<br>Attach a copy of the certificates for affiliations/awards. L (Attach a note with self declaration and copies of certificate (s)<br>Include an undertaking that in competing for (and, if accreditation is granted) the CSO will strictly observe the laws against fraud and corruption in force in Kerala and in India. |

**Documents to be attached**

| | |
|---|---|
| 1 | A Certified copy of the registration certificate under Section 51/52 of Persons with Disabilities. |
| 2 | Certified copy of the Registration Certificate under Societies Registration Act, 1860 or Charitable Trust Act etc. |
| 3 | Memorandum of Association and copies of rules, aims and objectives of the organization. |
| 4 | Activity/Annual Report of the organization for the previous year |
| 5 | Accounts in 4 parts for the project for which grant-in-aid is sought and for organization as a whole and for which grant is applied for the previous year (i) Income & Expenditure Statement (ii) Receipt & Payment Statement (iii) Balance Sheet (iv) Auditors Report. |
| 6 | List of Staff/Employees |
| 7 | List of beneficiaries |
| 8 | Utilization Certificate in respect of grants released in the previous year |
| 9 | Budget Estimates for the project for current year with detailed justifications for various cost items. |
| 10 | Any Other documents, if required. |

AN

## Annexure A
## Name of Organizations

| | | |
|---|---|---|
| 1 | Details of existing projects/activities | |
| 2 | Objectives | |
| 3 | Approaches | |
| 4 | Location of institution/project | |
| 5 | Implementation progress with stages | |
| 6 | Result | |
| 7 | Monitoring frame work | |
| 8 | No. of beneficiaries to be covered (men & women | |
| 9 | Current year project (in details) | |
| 10 | Amount of financial support required from Social Justice Department | |
| 11 | Contribution of organization with percentage | |

Signature
(Authorized signatory with Address & Phone)

AN

## പദ്ധതി വിവരണം

മുതിർന്ന പൗരൻമാരുടെയും, ഭിന്നശേഷിക്കാരുടെയും, തീവ്രമായ മാനസിക വെല്ലുവിളി നേരിടുന്നവരുടേയും, മാനസിക രോഗത്തിന് അടിമപ്പെട്ടവരുടെയും എന്നമാത്രമല്ല രാത്രികാല അഭയമില്ലാതെ അലഞ്ഞു തിരിഞ്ഞു നടക്കുന്ന 12 വയസ്സിന് താഴെയുള്ള പെൺകുട്ടികളുടെയും, സ്ത്രീകളുടെയും സംരക്ഷണത്തിനും പുനരധിവാസത്തിനും സാമൂഹ്യനീതി വകുപ്പ് പ്രതിജ്ഞാബദ്ധമാണ്. എന്നാൽ നമ്മുടെ രാജ്യത്തും സംസ്ഥാനത്തും ഉണ്ടായിക്കൊണ്ടിരിക്കുന്ന സാമൂഹ്യ മാറ്റങ്ങളുടെ ഫലമായി വകുപ്പിന്റെ സേവനങ്ങൾ ആവശ്യമായി വരുന്ന ജനവിഭാഗത്തിന്റെ എണ്ണം ദിനംപ്രതി വർദ്ധിച്ച് വരുന്ന സാഹചര്യമാണ് ഉള്ളത്. ഈ വർദ്ധിച്ച ആവശ്യകത കണക്കിലെടുത്ത് സംരക്ഷണം ആവശ്യമുള്ള ജനവിഭാഗങ്ങൾക്കെല്ലാം സംരക്ഷണം ഉറപ്പ് വരുത്താൻ സേവന മനോഭാവവും അനുഭവ സമ്പത്തും മാനവ വിഭവ ശേഷിയുമുള്ള സർക്കാരിതര ഏജൻസികളുടെ സേവനം കൂടി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. മേൽപ്പറഞ്ഞ ജനവിഭാഗങ്ങളുടെ ക്ഷേമത്തിനായി സർക്കാരുമായി കൈകോർക്കാൻ താൽപര്യമുള്ള സർക്കാർ അംഗീകൃത എൻ.ജി.ഒ./ഏജൻസികളിൽ നിന്ന് Expression of Interest ക്ഷണിച്ചുകൊള്ളുന്നു. സ്കീമുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ വിവരിക്കുന്നു.

1. **എന്റെ കൂട് പദ്ധതി**

   വ്യക്തി സ്വാതന്ത്ര്യത്തെ ബാധിക്കാത്ത വിധത്തിൽ (സ്ത്രീകളും 12 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും) അഗതികൾക്ക് താമസം, ഭക്ഷണം, വസ്ത്രം എന്നിവ ഉറപ്പാക്കി ഭയരഹിതരായി രാത്രി കഴിഞ്ഞു കൂടുന്നതിന് ഒരു അഭയ കേന്ദ്രം സ്ഥാപിക്കുന്നതിനും അലഞ്ഞു തിരിഞ്ഞു നടക്കുന്ന സ്ത്രീകളുടെയും, 12 വയസ്സിൽ താഴെയുള്ള കുട്ടികളുടെയും ബയോമെട്രിക് വിശദാംശങ്ങൾ ശേഖരിച്ച് ഒരു ഡാറ്റാ ബാങ്ക് സ്ഥാപിക്കുന്നതിനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു. നിലവിൽ കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിൽ മാത്രമാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. മറ്റ് പന്ത്രണ്ട് ജില്ലാ ആസ്ഥാനങ്ങളിലേയ്ക്കും നടപ്പ് സാമ്പത്തിക വർഷത്തിൽ ഇപ്രകാരം അഭയ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ ഇതര സംഘടനകളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്ക് ഈ സാമ്പത്തിക വർഷം 2235-02-101-75(P) എന്ന ശീർഷകത്തിൽ 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. **മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്നവർക്കുള്ള പിന്തുണയും പുനരധിവാസത്തിനുള്ള മാതൃകാ പരിപാടികളും**

   (അസിസ്റ്റഡ് ലിവിംഗ്)

   സെറിബ്രൽ പാൾസി, ഓട്ടിസം, തീവ്രമായ മാനസിക പ്രതിബന്ധം എന്നിവയാൽ കഷ്ടത അനുഭവിക്കുന്ന മുതിർന്ന പ്രായക്കാരുടെ ക്ഷേമം പ്രത്യേക ശ്രദ്ധ അർഹിക്കുന്ന ഒന്നാണ്. ഇത്തരത്തിലുള്ള മാനസിക വെല്ലുവിളി നേരിടുന്ന മുതിർന്ന പൗരൻമാരെ

പുനരധിവസിപ്പിക്കുന്ന അസിസ്റ്റഡ് ലിവിംഗ് മാതൃകാ പദ്ധതിയ്ക്ക് സാമൂഹ്യനീതി വകുപ്പും സംസ്ഥാന ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകിയിട്ടുണ്ട്. ഇതിലേയ്ക്ക് അംഗീകൃത സർക്കാർ ഇതര ഏജൻസികളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും സജീവമായ പങ്കാളിത്തം വകുപ്പ് ലക്ഷ്യമിടുന്നു.

3. **ക്ഷേമ സ്ഥാപനങ്ങളുടെ മാനേജ്മെന്റിന് സർക്കാർ – എൻ.ജി.ഒ. പങ്കാളിത്തം**

മുതിർന്ന പൗരൻമാർ, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, മാനസിക രോഗത്തിന് വിധേയരായവർ എന്നിവരുടെ പരിചരണത്തിനായി വകുപ്പിന്റെ കീഴിൽ ഒട്ടേറെ ക്ഷേമ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ വകുപ്പിന്റെ സ്ഥാപനങ്ങൾ ഉൾക്കൊള്ളാൻ കഴിയുന്നതിനുമപ്പുറം ആളുകൾ ഈ വിഭാഗത്തിൽ ദിനംപ്രതി വർദ്ധിച്ചു വരുന്നു. ഇവരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. യോഗ, വയോജനങ്ങൾക്ക് അനുയോജ്യമായ സ്വയം തൊഴിലുകൾ, കൗൺസിലിംഗ് ഈ രംഗത്ത് പ്രാഗൽഭ്യം നേടിയിട്ടുള്ള അംഗീകൃത എൻ.ജി.ഒ./ഏജൻസികളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിക്കുന്നു.

4. **ട്രാൻസ്ജെൻഡർ ക്ഷേമം**

ഇന്ത്യയിൽ ആദ്യമായി ഭിന്നലിംഗക്കാർക്കായിട്ടുള്ള പോളിസി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. 1187 ഭിന്നലിംഗക്കാർ കേരളത്തിൽ ജീവിക്കുന്നുണ്ട് എന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ദൈനംദിന ജീവിതത്തിനായി ഏറെ ബുദ്ധിമുട്ട് അനുഭവിച്ചുവരുന്ന ഈ വിഭാഗത്തിനെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരേണ്ടതുണ്ട്. ഇതിന്റെ ഭാഗമായി സ്വയം തൊഴിൽ പരിശീലനം, രക്ഷകർത്താക്കൾക്കും, കുടുംബത്തിലെ മറ്റ് അംഗങ്ങൾക്കും കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫുകൾ എന്നിവർക്കും ബോധവൽക്കരണം, ഷോർട്ട് സ്റ്റേ ഹോമുകൾ, ട്രാൻസ്ജെൻഡർ ഹെൽപ്പ് ലൈൻ, തുടങ്ങിയ ബൃഹത്തായ പദ്ധതികൾ നടപ്പിലാക്കുന്നതിന് താൽപര്യമുള്ള സർക്കാർ അംഗീകൃത എൻ.ജി.ഒ./ഏജൻസികളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിക്കുന്നു.

5. **പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ**

ഭിന്നശേഷിക്കാരായ ആളുകളുടെ പരിരക്ഷ, സംരക്ഷണം, പുനരധിവാസം, ശാക്തീകരണം എന്നിവ മുൻനിർത്തിയുള്ള കേന്ദ്ര, സംസ്ഥാന സർക്കാർ നയങ്ങളുടെയും അന്തർ ദേശീയ കൺവെൻഷനുകളുടെയും അന്തസത്ത ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതികൾ കൂടാതെ HIV ബാധിതരുടെ പുനരധിവാസം, ലഹരി വിമുക്ത പ്രവർത്തനങ്ങൾ, എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസം, തിരുവനന്തപുരം ജനറൽ ഹോസ്പിറ്റലിലെ ഒൻപതാം വാർഡിൽ അഡ്മിറ്റ് ചെയ്യപ്പെടുന്ന നിരാലംബരുടെ പുനരധിവാസം തുടങ്ങിയ പദ്ധതികളിൽ വകുപ്പുമായി സഹകരിക്കാൻ തയ്യാറുള്ള സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്ന് പ്രൊപ്പോസൽ ക്ഷണിക്കുന്നു.

6. സായംപ്രഭ പദ്ധതി

a) യോഗ പരിശീലനം

സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വിവിധ ജില്ലകളിലായി പ്രവർത്തിക്കുന്ന വൃദ്ധ സദനങ്ങളിലെ അന്തേവാസികളുടെ മാനസികവും ശാരീരികവുമായ സംരക്ഷണത്തിനായി യോഗ പരിശീലന പരിപാടി സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന രജിസ്റ്റേഡ് സംഘടന/സ്ഥാപനങ്ങളിൽ നിന്നും ഉചിതമായ പ്രൊപ്പോസലുകൾ ക്ഷണിച്ചുകൊള്ളുന്നു.

b) സായംപ്രഭ ഹോം

മുതിർന്ന പൗരൻമാർ പകൽ സമയങ്ങളിൽ അനുഭവിക്കുന്ന ഏകാന്തതയ്ക്കും ഒറ്റപ്പെടലിനും ആശ്വാസമെന്ന നിലയിൽ സർക്കാർ ആരംഭിച്ചിട്ടുള്ള പദ്ധതിയാണ് സായംപ്രഭ ഹോം പദ്ധതി. നിലവിൽ പഞ്ചായത്തിന് കീഴിലുള്ള വയോജന പരിപാലന കേന്ദ്രങ്ങൾക്ക് അധിക സൗകര്യങ്ങൾ നൽകിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. മുതിർന്ന പൗരൻമാർ വീടുകളിൽ അനുഭവിക്കുന്ന ഒറ്റപ്പെടലുകൾ ഒഴിവാക്കുക, പോഷക സമ്പുഷ്ടമായ ആഹാരം രണ്ടു നേരം നൽകുക, മാനസികോല്ലാസ പരിപാടികളിൽ സമപ്രായക്കാരുമായി ഇടപെടാൻ അവസരം നൽകുക, കൗൺസിലിംഗ് ഏർപ്പെടുത്തുക, നിയമ സഹായങ്ങൾ, യോഗ, മെഡിറ്റേഷൻ എന്നിവ നൽകി മാനസിക ശാരീരിക ആരോഗ്യം നിലനിർത്തുക എന്നീ പ്രവർത്തനങ്ങളാണ് സായംപ്രഭാ ഹോം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഇപ്രകാരം മുതിർന്ന പൗരൻമാർക്കായി സായംപ്രഭ ഹോമുകൾ ആരംഭിക്കുന്നതിന് സർക്കാരുമായി ചേർന്ന് നിന്ന് പ്രവർത്തിക്കാൻ താൽപര്യവും പ്രാഗൽഭ്യവുമുള്ള NGOകളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

c) മ്യൂസിക് തെറാപ്പി

സംസ്ഥാനത്ത് മുതിർന്ന പൗരൻമാർക്കായി 16 സർക്കാർ വൃദ്ധസദനങ്ങൾ പ്രവർത്തിക്കുന്നു. അവയിൽ താമസക്കാരുടെ ശാരീരിക മാനസിക ഉല്ലാസത്തിനും ആരോഗ്യത്തിനുമായി നിരവധി പദ്ധതികൾ നടപ്പാക്കി വരുന്നു. നല്ല സംഗീതം കേൾക്കുന്നതും പാടുന്നതും ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ടു പോകുന്നവർക്ക് മാനസിക ഉല്ലാസം പ്രദാനം ചെയ്യുന്നു എന്ന് മനസ്സിലായിട്ടുണ്ട്. സംസ്ഥാനത്തെ 16 വൃദ്ധ സദനങ്ങളിലും ലൈവ് ആയി അന്തേവാസികൾക്കായി മ്യൂസിക് തെറാപ്പി നടത്തുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. ഓരോ ഹോമിലും മാസത്തിൽ രണ്ടു വീതം മ്യൂസിക് തെറാപ്പി പ്രോഗ്രാം നടത്തുന്നതിനായാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത പദ്ധതിയിൽ സർക്കാരുമായി ചേർന്നു പ്രവർത്തിക്കാൻ സന്നദ്ധതയും പ്രാവീണ്യവുമുള്ള NGOകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.

AN